"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കണ്ണൂർ തലശ്ശേരി തിരുവങ്ങാട് മോർക്കണ്ടത്തിൽ ഹൗസിൽ ശ്രീമതി സുശീല എൻ. കെ. യ്ക്ക് പട്ടികജാതി ഭൂരഹിത ഭവനനിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച ധനസഹായത്തിന്റെ പലിശ തുക തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി, ടിയാളുടെ ആധാരം തിരികെ നൽകുവാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1482/2025/LSGD തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. ശ്രീമതി സുശീല എൻ.കെ. ബഹു. സ്പീക്കർ മുഖാന്തരം 04.12.2024 ൽ സമർപ്പിച്ച അപേക്ഷ
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.03.2025 ലെ LSGD/PD/3457/2025-DPLD1 നമ്പർ കത്ത്

**ഉത്തരവ്**

തലശ്ശേരി നഗരസഭയുടെ 2003-2004 വർഷത്തെ പട്ടികജാതി ഭൂരഹിത ഭവന നിർമ്മാണ പദ്ധതി പ്രകാരം കണ്ണൂർ തലശ്ശേരി തിരുവങ്ങാട് മോർക്കണ്ടത്തിൽ ഹൗസിൽ ശ്രീമതി സുശീല എൻ.കെ.യ്ക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി ധനസഹായം ലഭിക്കുകയും, ഭവന നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കൈപ്പറ്റിയ ധനസഹായം (മുതൽ തുക മാത്രം) മുനിസിപ്പാലിറ്റിയിൽ തിരിച്ചടയ്ക്കുകയും ചെയ്തു. എന്നാൽ ആധാരം തിരികെ ലഭിക്കാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം 1 പ്രകാരം അപേക്ഷക സർക്കാരിനെ സമീപിക്കുകയുണ്ടായി.

2003-04 വർഷത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും 20000/- രൂപ വീതം ആകെ 40000/- രൂപ ശ്രീമതി സുശീലയ്ക്ക് അനുവദിച്ചുവെങ്കിലും ഭവന നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ അനുവദിച്ച 40000 രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ചുവെങ്കിലും പിഴപ്പലിശ അടയ്ക്കാത്തതിനാൽ ആധാരം തിരികെ നൽകിയില്ല എന്നും, പലിശത്തുക ഒഴിവാക്കി നൽകണമെന്ന അപേക്ഷയും ബന്ധപ്പെട്ട കൗൺസിൽ തീരുമാനവും അനുകൂല നടപടിയ്ക്കായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തു

നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ തലശ്ശേരി തിരുവങ്ങാട് മോർക്കണ്ടത്തിൽ ഹൗസിൽ ശ്രീമതി സുശീല എൻ. കെ. യ്ക്ക് പട്ടികജാതി ഭൂരഹിത ഭവനനിർമ്മാണ പദ്ധതി പ്രകാരം ലഭിച്ച ധനസഹായത്തിന്റെ പലിശ തുക തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കി ടിയാളുടെ ആധാരം തിരികെ നൽകുവാൻ പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ശ്രീമതി സുശീല എൻ.കെ., മോർക്കണ്ടത്തിൽ ഹൗസ്, തിരുവങ്ങാട് പി.ഒ.,
PIN-670103
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 18-06-2025 09:18:26
സെക്ഷൻ ഓഫീസർ